# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 5386</u>      <u>25/10/2011 - ൽ മറുപടിക്ക്</u>

## പുതിയതായി അനുവദിച്ച ബാച്ചുകൾക്ക് അധ്യാപക തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാര മേറ്റശേഷം എയ്ഡഡ് മേഖലയിൽ എത്ര ഹയർ സെക്കന്ററി സ്കൂളുകളിലായി എത്ര പുതിയ ബാച്ചുകൾ അനുവദിച്ചു; ജില്ലതിരിച്ചുളള കണക്ക് വ്യക്തമാക്കുമോ; | (എ) | 359 സ്കൂളുകളിലായി 368 ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുളള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത സ്കൂളുകളിൽ പുതുതായി അനുവദിച്ച ബാച്ചുകൾക്ക് അധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; | (ബി) | അദ്ധ്യാപക തസ്തികൾ അനുവദിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ നാളിതുവരെ അനുവദിക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) | അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായി പുതിയ ബാച്ചുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണവും, ബാച്ചുകളുടെ പ്രവേശനരേഖകളും മറ്റും പരിശോധിച്ച് സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. ആയത് പൂർത്തിയായാൽ മാത്രമേ ഈ വിഷയത്തിൽ മേൽ നടപടികൾ കൈക്കൊളളുവാൻ സാധിക്കുകയുളളൂ. |
| (ഡി) | പുതിയ ബാച്ചുകൾക്ക് ക്ലാസ് തുടങ്ങിയ തീയതിമുതൽ അധ്യാപക തസ്തിക അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**എയ്ഡഡ് മേഖലയിൽ അനുവദിച്ച ബാച്ചുകളുടെ ജില്ല തിരിച്ചുള്ള കണക്ക്**

| ജില്ല | സ്കൂളുകളുടെ എണ്ണം | അനുവദിച്ച ബാച്ചുകളുടെ എണ്ണം |
|---|---|---|
| കൊല്ലം | 42 | 42 |
| ആലപ്പുഴ | 42 | 42 |
| ഇടുക്കി | 20 | 20 |
| തൃശ്ശൂർ | 49 | 49 |
| പാലക്കാട് | 43 | 44 |
| മലപ്പുറം | 64 | 72 |
| കോഴിക്കോട് | 60 | 60 |
| കണ്ണൂർ | 39 | 39 |

Section officer